**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1061** **06-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന വള്ളങ്ങൾക്കും ബോട്ടുകൾക്കും രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കെ.എം.എഫ്.ആർ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാത്തിട്ടില്ലാത്ത മത്സ്യബന്ധന വള്ളങ്ങൾക്കും ബോട്ടുകൾക്കും അപകടം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഉണ്ട്. എല്ലാ മത്സ്യബന്ധന യാനങ്ങളെയും ഇൻഷ്വറൻസ് പദ്ധതി യുടെ കീഴിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരി യ്ക്കാൻ എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകി യിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ മത്സ്യ ബന്ധനയാനങ്ങളെയും ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിന് മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും സാഗർമിത്രകളുടെയും നേതൃത്വത്തിൽ മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ